4. ഒരു കെട്ടിടത്തിൽ പ്രത്യേക കെട്ടിട നമ്പർ ഇല്ലാതെ തന്നെ വിഭിന്നമായ ആവശ്യങ്ങൾക്കായി എച്ച്.റ്റി./എൽ.റ്റി. ഉൾപ്പെടെ പ്രത്യേകം പ്രത്യേകം കണക്ഷനുകൾ അനുവദിക്കാൻ തീരുമാനിച്ചു. ഒരു കെട്ടിട നമ്പറിൽ തന്നെ ഒന്നിൽ കൂടുതൽ ഗാർഹിക കണക്ഷനുകളും നൽകുന്നതാണ്.

5. പുതിയ കണക്ഷനുകൾ എടുക്കുമ്പോഴും അധിക ലോഡ് ആവശ്യമുള്ളപ്പോഴും പവർ അലോക്കേഷൻ ആവശ്യമെന്ന നിബന്ധന പിൻവലിച്ചു.

(ബി) പോസ്റ്റും കമ്പിയും ആവശ്യമില്ലാത്ത വെതർ പ്രൂഫ് സർവ്വീസ് കണക്ഷനുകൾ കഴിയുന്നതും തുക അടച്ച് രണ്ട് ദിവസത്തിനുള്ളിലും, എച്ച് റ്റി. വർക്കുകൾ ആവശ്യമുള്ളതും എന്നാൽ ലൈൻ എക്സ്റ്റൻഷൻ ആവശ്യമില്ലാത്തതുമായ കണക്ഷനുകൾ അറുപതു ദിവസത്തിനുള്ളിലും നൽകണമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(സി) മുൻകാലങ്ങളിൽ ഔട്ട് ഓഫ് ടേൺ പ്രയോറിറ്റി അനുവദിക്കാനുള്ള അധികാരം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക്/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ആയിരുന്നു. പ്രസ്തുത അധികാരം ഇപ്പോൾ അസ്സിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നൽകി.

(ഡി) സർവ്വീസ് കണക്ഷൻ നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് പ്രത്യേകം വിഭാഗങ്ങൾ ഉള്ള മോഡൽ സെക്ഷൻ സംവിധാനം നിലവിൽ 230 സെക്ഷനുകളിലാണ് നടപ്പാക്കിയിട്ടുള്ളത്. ഈ സൗകര്യങ്ങൾ കേരളത്തിലെ മുഴുവൻ സെക്ഷനുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. വീട്ടു നമ്പർ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ലോക്കൽ ബോഡിയുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിലും തീരപ്രദേശങ്ങളിൽ റേഷൻ കാർഡ്/വോട്ടർ ഐഡന്റിറ്റി കാർഡ് എന്നിവയുടെ അടിസ്ഥാനത്തിലും വൈദ്യുതി കണക്ഷനുകൾ അനുവദിക്കുന്നതാണ്.

തില്ലങ്കേരി ഗ്രാമപഞ്ചായത്തിലെ വിച്ഛേദിക്കപ്പെട്ട കണക്ഷൻ പുനഃസ്ഥാപിക്കാൻ നടപടി

180 (5585) ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വിഭാഗ പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാവൂർ നിയോജകമണ്ഡലത്തിൽപ്പെട്ട വൈദ്യുതീകരിക്കാത്ത പട്ടികവർഗ്ഗ കോളനികൾ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോളനികൾ വൈദ്യുതീകരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചുണ്ടോയെന്ന് വിശദീകരിക്കുമോ ;

(സി) തില്ലങ്കേരി ഗ്രാമപഞ്ചായത്തിലുള്ള ശങ്കരൻകണ്ടി പട്ടികവർഗ്ഗ കോളനിയിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത വൈദ്യുതി കണക്ഷൻ അടിയന്തരമായി പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പേരാവൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതീകരിക്കാത്ത 20 കോളനികളാണ് ഉള്ളത്. ഇവ താഴെപ്പറയുന്നവയാണ്,

1. ആറളം പഞ്ചായത്തിൽപ്പെട്ട മാങ്ങാട്, കുടുവായ്, പറമ്പത്തുകണ്ടി, തട്ടിൽ, തെറ്റുമ്മൽ കോളനികൾ.

2. അയ്യംകുന്ന് പഞ്ചായത്തിൽപ്പെട്ട രണ്ടാംകടവ്, ചരൾ, ഉരുപ്പുംകുറ്റി എന്നീ കോളനികൾ.

3. കീഴൂർ ചാവശ്ശേരി പഞ്ചായത്തിൽപ്പെട്ട കന്നുമ്മൽ, എടക്കനം മഞ്ഞക്കാഞ്ഞിരം, നടുവനാട്, ആക്കപ്പറമ്പ് എന്നീ കോളനികൾ.

4. പേരാവൂർ പഞ്ചായത്തിൽപ്പെട്ട തിരുവോണപ്പുറം മിച്ചഭൂമി, തിരുവോണപ്പുറം അമ്പലക്കുഴി, വെള്ളാർപള്ളി, ചുണ്ടക്കാട് എന്നീ കോളനികൾ.

5. മുഴുക്കുന്നു പഞ്ചായത്തിൽപ്പെട്ട ഉവ്വാപ്പള്ളി, കല്ലേരിമല, എടപ്പടിക്കുന്ന്, കുറുവോട് പറപ്പള്ളി എന്നീ കോളനികൾ.

(ബി) അയ്യംകുന്ന് പഞ്ചായത്തിൽപ്പെട്ട ചരൾ കോളനിയുടെയും കീഴൂർ ചാവശ്ശേരി പഞ്ചായത്തിൽപ്പെട്ട എടക്കനം കോളനിയുടെയും വൈദ്യുതീകരണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്.

പേരാവൂർ പഞ്ചായത്തിൽപ്പെട്ട തിരുവോണപ്പുറം ചുണ്ടക്കാട് എന്നീ കോളനികളിലെ വൈദ്യുതീകരണ പ്രവർത്തികൾ പുരോഗമിക്കുന്നു. അയ്യംകുന്ന് പഞ്ചായത്തിൽപ്പെട്ട ഉരുപ്പുംകുറ്റി കോളനി വൈദ്യുതി വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കോളനിയുടെ വൈദ്യുതീകരണം ഉടൻ പൂർത്തിയാകുന്നതാണ്.

അയ്യംകുന്ന് പഞ്ചായത്തിൽപ്പെട്ട രണ്ടാംകടവ് കോളനി, മുഴുകുന്ന് പഞ്ചായത്തിൽപ്പെട്ട കുറുവോട്, പറപ്പള്ളി എന്നീ കോളനികൾ വൈദ്യുതീകരിക്കുന്നതിന് സംസ്ഥാന പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് പ്രവർത്തികൾ പുരോഗമിക്കുന്നു. മറ്റു കോളനികൾ വൈദ്യുതീകരിക്കുന്ന പ്രവൃത്തികൾ, ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.

(സി&ഡി) വൈദ്യുതി ബോർഡ് കണക്ഷൻ വിച്ഛേദിച്ചിട്ടില്ല. വീടുകൾ പുതുക്കിപ്പണിതപ്പോൾ നശിച്ചുപോയ വയറിംഗ് ശരിയാക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുന്നതാണ്.